24. കേരളത്തിലെ 1200-ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നതുവഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്.

(ബി) ചില സ്വകാര്യ ആശുപത്രികൾ അമിത ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടൽ എന്തെല്ലാമായിരുന്നു?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികൾക്കുവേണ്ടി ഐ.എം.എ. ബഹു. കോടതിയിൽ ഉന്നയിച്ച വാദമുഖങ്ങളും കോടതി പ്രകടിപ്പിച്ച അതൃപ്തിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ കെ.പി.എച്ച്.എ. ബഹു.ഹൈക്കോടതിയെ സമീപിച്ചിരുന്നുവെങ്കിലും ബഹു. ഹൈക്കോടതി സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

സ്ത്രീധനം സംബന്ധിച്ച ബോധവത്ക്കരണം

3 (1362) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധനം എന്ന സാമൂഹ്യ യാഥാർത്ഥ്യം ഒരു വിപത്തായി മാറുന്നത് അവസാനിപ്പിക്കാനായി കർശന നിയമനടപടിക്രമങ്ങളോടൊപ്പം വ്യാപകവും ആഴത്തിലുമുള്ള ബോധവത്ക്കരണ പ്രവർത്തനത്തിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക-ലൈംഗിക-സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും വനിതാ-ശിശുവികസന വകുപ്പ് ഓൺലൈൻ വഴി ബോധവത്ക്കരണ ക്ലാസ് നൽകിയിട്ടുണ്ട്. സമീപകാലങ്ങളിൽ വർദ്ധിച്ചുവരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, ഇവയെത്തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചരണം നടത്തിവരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തരം പ്രചരിപ്പിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ സ്ത്രീശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കാനും സ്ത്രീധനത്തിനെതിരെ ബോധവത്കരണം നടത്താനും വിവാഹമണ്ഡപങ്ങൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പൊലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വകുപ്പുമന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു. സ്ത്രീധനത്തിനെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കേരള വനിതാ കമ്മീഷൻ നടത്തിവരുന്നുണ്ട്. കൂടാതെ, സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) അച്ചടിച്ച് സൗജന്യമായി കേരള വനിതാ കമ്മീഷൻ, പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. വനിതാ കമ്മീഷന്റെ തനത് ബോധവത്ക്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ കൗൺസെലിംഗ്, കലാലയ ജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും ക്ലാസുകൾ ഓൺലൈനായടക്കവും നിരന്തരം ചെയ്തുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട പീഡനങ്ങളും അതിക്രമങ്ങളും ഫലപ്രദമായി തടയുന്നതിന് കാര്യക്ഷമമായി പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ: വിശദാംശം ലഭ്യമാക്കാമോ;

&

(സി) സ്ത്രീധന, സ്ത്രീപീഡന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീധനപീഡനങ്ങളും അതിക്രമങ്ങളും ഫലപ്രദമായി തടയുന്നതിന് വനിതാ-ശിശുവികസന വകുപ്പ് കാര്യക്ഷമമായ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീപീഡനകേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ദോപദേശവും നിയമസഹായവും നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി സർക്കാർ ഉദ്യോഗസ്ഥർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

മരംമുറി വിവാദം

4 (1363) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം, റവന്യൂ വകുപ്പുമന്ത്രിമാർ യോഗം ചേർന്ന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവാദ മരംമുറിയുമായി ബന്ധപ്പെട്ട് 2020 ഒക്ടോബറിൽ പ്രത്യേക ഉത്തരവിറക്കിയ ഫയൽ ശ്രദ്ധയിൽപ്പെട്ടിരുന്നോ?

ബാധകമല്ല.

(ബി) പ്രസ്തുത ഉത്തരവ് പുറത്തിറക്കുന്നതിനുമുമ്പ് നിയമവകുപ്പിന്റെ ഉപദേശം തേടിയിരുന്നുവോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ?

1964-ലെ കേരള ഭൂപതിവ് ചട്ടത്തിൽ 2017-ൽ വരുത്തിയ ഭേദഗതി സംബന്ധിച്ച സ്പഷ്ടീകരണം ആയതിനാൽ നിയമോപദേശം ആവശ്യമുണ്ടായിരുന്നില്ല.

(സി) പ്രസ്തുത ഉത്തരവിറക്കിയ ഉദ്യോഗസ്ഥർക്കെതിരെ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&